## പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 183 | 23.02.2026 – ൽ മറുപടിക്ക് |

## ജി.എസ്.ടി. ബേസിൽ വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. കെ.എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം ജി.എസ്.ടി. ബേസിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സംസ്ഥാനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ ബേസ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത്തരം സജീവമായ ഇടപെടലുകൾ സംസ്ഥാനത്തിന്റെ നികുതി വരുമാന വളർച്ചയെ ഗുണപരമായി സ്വാധീനിക്കുന്നു.<br><br>എന്നിരുന്നാലും ജി.എസ്.ടി. സംവിധാനത്തിൽ രജിസ്ട്രേഷൻ പരിധി, നികുതി നിരക്കുകൾ മറ്റ് നിയമവ്യവസ്ഥകൾ എന്നിവ തീരുമാനിക്കുന്നത് ജി.എസ്.ടി. കൗൺസിൽ ശിപാർശ ചെയ്യുന്നതിന് വിധേയമായി നിലനിൽക്കുന്നതിനാൽ ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് മാത്രമായി തീരുമാനം കൈകൊള്ളുക സാധ്യമല്ല എന്ന ഒരു പരിമിതി നിലനിൽക്കുന്നുണ്ട്. |
| (ബി) | നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വ്യാപാരികളുടെ വിവിധ തരം സാമ്പത്തിക ഡാറ്റ വിശകലനം ചെയ്തു കൊണ്ട് സംസ്ഥാനത്തെ ജി.എസ്.ടി. ബേസിൽ വർദ്ധനവ് വരുത്താൻ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (ബി) | നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വ്യാപാരികളുടെ വിവിധ തരം സാമ്പത്തിക ഡാറ്റ വിശകലനം ചെയ്തുകൊണ്ട് സംസ്ഥാനത്തെ ജി.എസ്.ടി. രജിസ്ട്രേഷൻ ബേസ് വിപുലപ്പെടുത്തി വരുമാനത്തിൽ വർദ്ധനവ് വരുത്തുവാൻ കൃത്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.<br><br>ജി.എസ്.ടി. രജിസ്ട്രേഷൻ ബേസ് |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചുകൊണ്ട് നികുതി പിരിവ് കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ആണ് 2023 ൽ വകുപ്പിനെ പുനഃസംഘടിപ്പിച്ചത്. വകുപ്പിനെ ജി.എസ്.ടി. നിയമത്തിനനുസൃതമായി പുനഃസംഘടിപ്പിക്കുകയും ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വെർട്ടിക്കലുകളായി തിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി രജിസ്ട്രേഷൻ ബേസ് വർദ്ധിപ്പിച്ചുകൊണ്ട് നികുതി പിരിവ് ഊർജ്ജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ടാക്സ് പെയർ സർവീസസ് വെർട്ടിക്കലിന്റെ ഭാഗമായി രൂപീകരിച്ച സെൻട്രലൈസ്ഡ് രജിസ്ട്രേഷൻ യൂണിറ്റ് വഴി രജിസ്ട്രേഷൻ നൽകുന്ന നടപടികൾ വേഗത്തിൽ ആക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ബേസ് വർദ്ധിപ്പിക്കുന്നതിനായും നികുതിചോർച്ചയും നികുതി വെട്ടിപ്പും തടയുന്നതിനുമായി മറ്റ് വെർട്ടിക്കലുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>ഇതുകൂടാതെ വിവിധ സോഷ്യൽ മീഡിയകൾ, വിവിധ സർക്കാർ പരിപാടികൾ സംഘടിപ്പിക്കുന്ന വേദിയുടെ ഭാഗമായുള്ള സ്റ്റാളുകൾ, വിവിധ ഓണ്ട്രപ്രണർ പ്രോഗ്രാമുകൾ എന്നിവ മുഖേനയും രജിസ്ട്രേഷൻ എടുക്കേണ്ടതിന്റെ ആവശ്യകതയും അത് എടുത്താലുള്ള നേട്ടങ്ങളും നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകതയും നികുതിദായക സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികളും തുടർന്ന് പോരുന്നുണ്ട്. ഇക്കഴിഞ്ഞ വർഷവും രജിസ്ട്രേഷൻ എടുക്കുന്നതിന്റെ ആവശ്യകതകൾ ബോധ്യപ്പെടുത്തി എല്ലാ ജില്ലകളിലും നികുതിദായക സേവന വിഭാഗം 'രജിസ്ട്രേഷൻ ഡ്രൈവ്' നടത്തിയിരുന്നു.<br><br>ജി.എസ്.ടി. രജിസ്ട്രേഷൻ ബേസ് വർദ്ധിപ്പിക്കുന്നതിനാവശ്യമുള്ള എല്ലാ പ്രവർത്തനങ്ങളും വകുപ്പ് ശക്തമായി തന്നെ തുടർന്നുവരുന്നുണ്ട്. വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം സാമ്പത്തിക ഡാറ്റാ അടക്കമുള്ള |

| | | | |
|---|---|---|---|
| | | | വിവിധ വിവരങ്ങൾ, മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി രജിസ്ട്രേഷൻ ബാധകമായവരെ കണ്ടെത്തുന്നതിനും നികുതി അടപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ ചെയ്തുവരുന്നുണ്ട്. കൂടാതെ രജിസ്ട്രേഷൻ ഡ്രൈവ് പോലുള്ള പ്രവർത്തനങ്ങൾ നടത്തി, നികുതിദായക സേവനവിഭാഗം, രജിസ്ട്രേഷൻ പരിധിക്ക് മുകളിൽ വാർഷിക വിറ്റുവരവ് ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും ഇത്തരത്തിലുള്ള വിവിധ ഡാറ്റകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ